# ജനാധികാരത്തിന്റെ സാധ്യതകൾ

**നിരവധി ഭീഷണികൾ നേരിടുന്ന കേരളത്തിന്റെ പരിസ്ഥിതി രംഗത്ത് അടിയന്തിരമായി ചെയ്യേണ്ട പ്രവർത്തനങ്ങളെക്കുറിച്ച് ഡോ. എം.കെ. പ്രസാദ്**

## പരിസ്ഥിതി വകുപ്പ് ശക്തിപ്പെടുത്തണം

**1.** പരിസ്ഥിതി വകുപ്പ് കൂടുതൽ ശക്തിപ്പെടുത്തണം. വ്യവസായങ്ങൾക്കും വികസനപദ്ധതികൾക്കും അനുമതി നൽകാനുള്ള അധികാരം പരിസ്ഥിതി വകുപ്പിന് നൽകണം

**2.** മലിനീകരണ നിയന്ത്രണ ബോർഡ് പരിസ്ഥിതി വകുപ്പിന്റെയും ശാസ്ത്ര സാങ്കേതിക വകുപ്പിന്റെയും പരിധിയിൽ കൊണ്ടുവരണം

**3.** പാരിസ്ഥിതികാനുമതി ലഭിക്കുന്ന വ്യവസായങ്ങൾ മാത്രമെ വ്യവസായങ്ങൾക്ക് അനുമതി നൽകുന്ന ഏകജാലക സംവിധാനം വഴിയുള്ള അനുമതിക്കായി പരിഗണിക്കപ്പെടാൻ പാടുള്ളൂ.

**4.** നെൽവയലുകളും നീർത്തടങ്ങളും നികത്തുന്നത് പൂർണ്ണമായും തടയണം.

**5.** മഴവെള്ളം സംഭരണം കർശനമാക്കണം.

**6.** കണ്ടൽക്കാടുകൾ സംരക്ഷിത പ്രദേശമായി പ്രഖ്യാപിക്കണം. പരിസ്ഥിതി വകുപ്പിന്റെ അനുമതി ലഭിച്ചാൽ മാത്രമെ കണ്ടൽപ്രദേശങ്ങൾ മറ്റ് ആവശ്യങ്ങൾക്കായി ഉപയോഗിക്കാൻ പാടുള്ളൂ എന്നത് കർശനമാക്കണം.

**7.** ശാസ്ത്രീയമായ മാർഗ്ഗങ്ങളിലൂടെയുള്ള നഗരഖരമാലിന്യ സംസ്കരണം മുനിസിപ്പാലിറ്റികളിലും കോർപ്പറേഷനുകളിലും നിർബന്ധമാക്കണം. പ്ലാൻഫണ്ടിൽ മാലിന്യ സംസ്കരണത്തിന് തുക അനുവദിക്കാത്ത തദ്ദേശസ്ഥാപനങ്ങൾക്കെതിരെ നടപടിയെടുക്കണം.

**8.** കാലാവസ്ഥവ്യതിയാനത്തിന്റെ ദിശ മനസ്സിലാക്കുന്നതിനായി കേരളത്തിലെ വനങ്ങളുടെ ജൈവവൈവിധ്യം പഠനവിധേയമാക്കുക.

**9.** കോംപൻസേറ്ററി അഫോറസ്റ്റേഷൻ (പരിഹാര വനവത്കരണം) ഫണ്ട് മറ്റ് ആവശ്യങ്ങൾക്കായി ഉപയോഗിക്കാതിരിക്കുക. തരിശ്ശായിപ്പോയതും ശോഷണം സംഭവിച്ചതുമായ കാടുകൾ സംരക്ഷിക്കാൻ ആ തുക ഉപയോഗിക്കുക.

**10.** അന്താരാഷ്ട്ര വനവർഷ ദിനാചരണത്തിന്റെ ഭാഗമായി ഒരു കോടി മരങ്ങൾ നടുക.

**11.** കടലാമകൾ മുട്ടയിടുന്ന കേരളത്തിലെ കടൽതീരങ്ങൾ ജനകീയ പങ്കാളിത്തത്തോടെ സംരക്ഷിക്കുക.

**കേരളത്തിന്റെ സാമൂഹികാവസ്ഥ മെച്ചപ്പെടുത്താൻ വിവിധ രംഗങ്ങളിൽ നടത്തേണ്ട പ്രവർത്തനങ്ങളെക്കുറിച്ച് ഫാ. പ്രശാന്ത്**

## സുസ്ഥിരം, അഴിമതിരഹിതം

**1.** സർക്കാർ സ്ഥാപനങ്ങൾ പൊതുജനത്തിന് എപ്പോഴും ബന്ധപ്പെടാൻ കഴിയുന്നതും സൗഹാർദ്ദപരവും സുതാര്യവും അഴിമതിരഹിതവും സേവനങ്ങൾ കാലതാമസം കൂടാതെ ചെയ്തുകൊടുക്കുന്നതുമായ സ്ഥാപനങ്ങളാക്കി മാറ്റിത്തീർക്കുക. അപേക്ഷകൾ നൽകുന്നതിനും സ്വീകരിക്കുന്നതിനും ഇന്റർനെറ്റ് സൗകര്യം പ്രയോജനപ്പെടുത്തുക.

**2.** പൊതുസമ്പത്തായ ജലാശയങ്ങൾ, കുന്നുകൾ, നീർത്തടങ്ങൾ എന്നിവ സംരക്ഷിക്കുന്നതിനുള്ള നടപടികൽ ആരംഭിക്കുക.

**3.** ഭക്ഷ്യോത്പാദനത്തിന് ഊന്നൽ നൽകി കാർഷിക മേഖലയെ ശക്തിപ്പെടുത്തുക. കൃഷിയോഗ്യമായ സ്ഥലങ്ങൾ തരിശിടാൻ അനുവദിക്കരുത്. അവിടെ കൃഷി ചെയ്യുന്നതിന് ആവശ്യമായ പിന്തുണ ഭൂവുടമകൾക്ക് നൽകുക. അല്ലെങ്കിൽ കാർഷിക രംഗത്ത് പ്രവർത്തിക്കുന്ന ജനകീയ സംഘടനകൾക്ക് ഈ സ്ഥലങ്ങൾ പാട്ടത്തിനെടുത്ത് കൃഷി ചെയ്യാനുള്ള സാഹചര്യമൊരുക്കുക. ഹരിതസേനയുടെ സേവനം സംസ്ഥാനത്തുടനീളം കൃഷിയിൽ ഉപയോഗപ്പെടുത്തുക.

**4.** കൊച്ചിയിലും ആലപ്പുഴയിലുമുള്ള പഴയ ജലപാതകളും കനാലുകളും ഗതാഗത യോഗ്യമാക്കുക. ബദൽ ഗതാഗത മാർഗ്ഗം എന്ന നിലയിൽ ജലപാതകൾ വീണ്ടെടുക്കുക.

**5.** വനസംരക്ഷണ പ്രവർത്തനങ്ങളുടെ നിലമെച്ചപ്പെടുത്തുന്നതിനുള്ള പദ്ധതികൾ ഉടൻ ആവിഷ്കരിക്കുക.

**6.** ഉന്നതവിദ്യഭ്യാസരംഗം അഴിമതിരഹിതവും നിലവാരമുള്ളതുമാക്കുക. അതിനാവശ്യമായ സാമ്പത്തിക സഹായം ഈ മേഖലയ്ക്ക് നൽകുക. അല്ലെങ്കിൽ ആവശ്യമായ വിഭവ സമാഹരണം നടത്താനുള്ള സ്വാതന്ത്ര്യം സ്വകാര്യ സ്ഥാപനങ്ങൾക്ക് നൽകുക. സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന വിദ്യാർത്ഥികൾക്ക് സർക്കാർ പിന്തുണ നൽകുകയും വേണം.

**7.** സൈക്കിൾ യാത്രക്കാർക്ക് പ്രത്യേകപാത അനുവദിക്കുക. സൈക്കിൾ വാടകയ്ക്കെടുത്ത് ഉപയോഗിക്കാവുന്ന സംവിധാനം നഗരങ്ങളുടെ പ്രധാനഭാഗങ്ങളിൽ ഒരുക്കി സൈക്കിളിന്റെ ഉപയോഗം പ്രോത്സാഹിപ്പിക്കുക.

**8.** തദ്ദേശഭരണ സംവിധാനത്തിലെങ്കിലും ജനപ്രതിനിധികളെ തിരികെ വിളിക്കാനുള്ള അധികാരം ജനങ്ങൾക്ക് നൽകി ജനാധിപത്യത്തെ ശക്തിപ്പെടുത്തുക.